## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1760 — 04.12.2015 ൽ മറുപടി പറയേണ്ടിയിരുന്നത്

### ഇൻഫർമേഷൻ കിയോസ്കുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ<br>ശ്രീ. കെ. കെ. ജയചന്ദ്രൻ<br>ശ്രീ. എം.ഹംസ<br>ശ്രീ. സി. കൃഷ്ണൻ | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ ഇൻഫർമേഷൻ കിയോസ്കുകൾ സ്ഥാപിക്കുന്നതിന് കെൽട്രോൺ മുഖേന സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | എ) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ ഇൻഫർമേഷൻ കിയോസ്കുകൾ കെൽട്രോൺ മുഖേന സ്ഥാപിക്കുന്നതിന് 22.07.2015-ലെ സ.ഉ.(കൈ) നം. 241/2015/തസ്വഭവ പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെൽട്രോൺ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) കെൽട്രോണിന് സ്വന്തമായുള്ള യൂണിറ്റുകളിലാണോ കിയോസ്കുകൾ തയ്യാറാക്കപ്പെട്ടത്; എങ്കിൽ എത്ര യൂണിറ്റുകൾ തയ്യാറാക്കുകയുണ്ടായി; വ്യക്തമാക്കുമോ; | ബി) കെൽട്രോൺ കിയോസ്കുകൾ നിർമ്മിക്കുന്നില്ല. മികച്ച ഗുണനിലവാരവും വിൽപനാനന്തര സേവനവും ഉറപ്പാക്കുന്നതിനായുള്ള സ്പെസിഫിക്കേഷനുകളും നിർദ്ദേശങ്ങളും പ്രകാരം ടെണ്ടർ ചെയ്ത് കിയോസ്കുകൾ സ്ഥാപിക്കുകയും അവയുടെ സർവ്വീസ് ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് കെൽട്രോണിന്റെ ചുമതല. |

| | |
|---|---|
| സി) അല്ലെങ്കിൽ ഏത് സ്വകാര്യ സ്ഥാപനവുമായി ഉണ്ടാക്കിയ ധാരണയനുസരിച്ചാണ് കിയോസ്കുകൾ തയ്യാറാക്കപ്പെട്ടതെന്നും ഇത് രൂപകൽപ്പന ചെയ്തത് ഏത് സ്ഥാപനമാണ് എന്നും; ഇതിന്റെ നിരക്കു തീരുമാനിച്ചത് ആരാണ് എന്നും വിശദമാക്കുമോ; | സി) ഇത് സംബന്ധിച്ച തുടർനടപടികൾ കെൽട്രോൺ സ്വീകരിച്ചു വരുന്നതേയുള്ളൂ. |
| ഡി) ഇതിനകം എത്ര പഞ്ചായത്തുകൾ കിയോസ്കുകൾ വാങ്ങിയിട്ടുണ്ടെന്നും ഇത് വഴി കെൽട്രോണിന് നൽകിയ മൊത്തം തുക എത്രയെന്നും വ്യക്തമാക്കുമോ; | ഡി) പ്രസ്തുത ഉത്തരവ് പ്രകാരം പഞ്ചായത്തുകൾ കെൽട്രോണിൽ നിന്നും കിയോസ്കുകൾ ഒന്നും തന്നെ വാങ്ങിയിട്ടില്ല. |
| ഇ) പ്രസ്തുത ഇടപാടിൽ പഞ്ചായത്ത് വകുപ്പ് മന്ത്രിതലത്തിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു? | ഇ) പഞ്ചായത്തു വകുപ്പു മന്ത്രി തലത്തിലുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ